⇨ *ജനങ്ങളെ ചോരയിൽ മുക്കി എന്ത് പരിഹാരമുറയാണ് പോലീസ് പരീക്ഷിച്ചത്?* ⇨




# കാതിക്കുടത്തെ പോലീസ്‌രാജ്:
# ജനകീയ സമരങ്ങളോടുള്ള ഭരണകൂട സമീപനം

തൃശൂർ കാതിക്കുടത്തെ നിറ്റാ ജലാറ്റിൻ കമ്പനിക്കെതിരെ നടക്കുന്ന ജനകീയ സമരത്തിന് നേരെ 2013 ജൂലായ് 21ന് നടന്ന പോലീസ് നടപടിക്കെതിരെ പ്രതിഷേധം വ്യാപകമാകുന്നു. വിഷക്കമ്പനി അടച്ചുപൂട്ടണം എന്ന തദ്ദേശീയരുടെ സമരം ശക്തമായി തന്നെ തുടരുന്നു.

**കേരളീയം വാർത്താശൃംഖല**

**കാതിക്കുടത്തെ** നിറ്റാജലാറ്റിൻ കമ്പനിക്കെതിരെ നടത്തിയ സമരത്തിനെ പേലീസിനെ ഉപയോഗിച്ച് അതിക്രൂരമായി നേരിട്ടുകൊണ്ട് ഭരണകൂടം അതിന്റെ വികസനപക്ഷപാതിത്വം വീണ്ടും തെളിയിച്ചിരിക്കുന്നു. ജനാധിപത്യ ഭരണമാണോ ഇന്നാട്ടിൽ നിലനിൽക്കുന്നതെന്ന് സംശയിപ്പിക്കുന്ന വിധത്തിലുള്ള കാക്കിനായാട്ടാണ് കാതിക്കുടത്ത് 2013 ജൂലായ് 21ന് നടന്നത്. സമാധാനപരമായ ജനകീയ സമരങ്ങളെപ്പോലും പോലീസ്‌രാജ് ഉപയോഗിച്ച് നേരിടാൻ തയ്യാറാകുന്നവിധത്തിലേക്ക് ഭരണകൂടങ്ങൾ മാറിയിരിക്കുന്നു എന്ന ആപത്‌സൂചനകൂടിയാണ് കാതിക്കുടം നൽകുന്നത്. കേരളാപോലീസിന്റെ ചരിത്രത്തിലെ കറുത്ത അധ്യായങ്ങളിലൊന്നായ ഇടുക്കി ജില്ലയിലെ തങ്കമണിയിൽ നടന്ന പോലീസ് അതിക്രമത്തിന് സമാനമായ അവസ്ഥയിലേക്കാണ് കാതിക്കുടവും അന്ന് കടന്നുപോയത്. പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും സമയോജിത സാന്നിധ്യമുണ്ടായതുകൊണ്ട് മാത്രം അത്തരമൊരു മഹാദുരന്തമായി കാതിക്കുടം മാറിയില്ല. സമരക്കാർക്ക് നേരെ ലാത്തിവീശിയ പോലീസുകാർ ഗ്രൂപ്പുകളായി തിരിഞ്ഞ് കാതിക്കുടത്തെ വീടുകളിൽ കയറുകയും തുറക്കാതിരുന്ന വീടുകളുടെ വാതിലുകൾ ചവിട്ടിപ്പൊളിക്കുകയും സ്ത്രീകളെയും കുട്ടികളെയും ഉപദ്രവിക്കുകയും വീട്ടുപകരണങ്ങൾ തല്ലിത്തകർക്കുകയും വീടുകൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തു. സ്വർണ്ണമുൾപ്പെടെയുള്ള വിലപിടിപ്പുള്ള സാധനങ്ങൾ കവർന്നെടുക്കാനും 'നിയമപാലകർ' മറന്നില്ല. പ്രകോപിതരല്ലാത്ത ആൾക്കൂട്ടത്തെ പിരിച്ചുവിടുന്നതിനോ നീക്കം ചെയ്യുന്നതിനോ മാർഗ്ഗങ്ങൾ അനേകമുണ്ടായിട്ടും ജീവൽപ്രശ്നമുന്നയിച്ച ജനങ്ങളെ ചോരയിൽ മുക്കിക്കൊണ്ട് എന്ത് പരിഹാരമുറയാണ് കാതിക്കുടത്ത് പോലീസ് പരീക്ഷിച്ചത്? മാലിന്യപ്രശ്നമുന്നയിച്ച് വർഷങ്ങളായി സമരം ചെയ്യുന്ന ജനങ്ങളോടുള്ള ഈ സമീപനം നാളെ ജനകീയസമരങ്ങളോടുള്ള ഭരണകൂടങ്ങളുടെ പൊതുനിലപാടായി മാറാതിരിക്കാനുള്ള പിന്തുണകൂടിയാണ് കാതിക്കുടം സമരം ഇപ്പോൾ പ്രതീക്ഷിക്കുന്നത്. തങ്ങളുടെ

*⇨ ആയിരക്കണക്കിനാളുകൾ പുഴയിൽ പൈപ്പ് സ്ഥാപിച്ചിരുന്ന സ്ഥലത്തേക്ക് മാർച്ച് ചെയ്തു ⇨*



പോലീസ് സമരസമിതിയുടെ സാധനങ്ങൾ നശിപ്പിക്കുന്നു



ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് ആശുപത്രിയിലായവർ



സമരപ്രവർത്തകരെ പോലീസ് വളഞ്ഞിട്ട് തല്ലുന്നു

നാടിനെയും അതിന്റെ ജീവനാഡിയായ ചാലക്കുടിപ്പുഴയേയും വിഷമുക്തമാക്കാൻ നടത്തുന്ന പോരാട്ടത്തിനിടയിലുണ്ടായ ഭീതിജനകമായ ഈ ഓർമ്മയെ കുടഞ്ഞെറിഞ്ഞുകൊണ്ട് വീണ്ടും സമരപാതയിലേക്ക് കാതിക്കുടം ഉണർന്നെഴുന്നേറ്റിരിക്കുന്നു. എൻ.ജി.ഐ.എൽ കമ്പനി ഇനി ഇവിടെ പ്രവർത്തിക്കില്ല എന്ന ഉറച്ച നിലപാടിൽ അവരുടെ ഉപരോധം തുടരുകയാണ്. ഉപരോധത്തെത്തുടർന്ന് അറസ്റ്റിലായി ജയിലിലായവർ അവിടെ നിരാഹാര സമരവും തുടരുന്നു.

## കാതിക്കുടത്ത് നടന്നതെന്ത്?

കഴിഞ്ഞ മൂന്ന് വർഷമായി എൻ.ജി.ഐ.എൽ കമ്പനിക്ക് കാതിക്കുടത്ത് പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് കാടുകുറ്റി പഞ്ചായത്ത് പുതുക്കി നൽകിയിട്ടില്ല. 2012ലെ ഹൈക്കോടതി ഉത്തരവിന്റെ ഇടക്കാല പരിരക്ഷയിൽ പ്രവർത്തിച്ചിരുന്ന കമ്പനിയുടെ പ്രവർത്തന കാലാവധി കഴിഞ്ഞ ജൂൺ 30ന് അവസാനിച്ചു. അതിന് മുന്നോടിയായി ജൂൺ 14 മുതൽ കമ്പനിക്ക് മുന്നിൽ ആക്ഷൻ കൗൺസിൽ മരണം വരെ നിരാഹാര സമരം പ്രഖ്യാപിച്ചു. കമ്പനിയുടെ പ്രവർത്തനാനുമതി ജൂൺ 30ന് തീരുന്നതിനെ തുടർന്ന് ജൂലായ് ഒന്നിന് ചാലക്കുടിപ്പുഴയിലേക്ക് മാലിന്യം തുറന്നുവിടുന്ന കമ്പനിയുടെ പൈപ്പ് ജനാധികാരമുപയോഗിച്ച് എടുത്തുമാറ്റാനായിരുന്നു തീരുമാനം. എന്നാൽ തൃശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയെ തുടർന്ന് പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതിയുടെ തീരുമാനമറിയുന്നതിനായി നിശ്ചയിച്ചിരുന്ന തീയതിയും അവസാനിച്ചതിനെ തുടർന്നാണ് ജൂലായ് 21ന് വീണ്ടും പുഴയിലെ രാസമാലിന്യക്കുഴൽ നീക്കം ചെയ്യാൻ ആക്ഷൻ കൗൺസിൽ തീരുമാനിച്ചത്.

അതുപ്രകാരം 21ന് രാവിലെ പത്ത് മണിയോടെ ആയിരക്കണക്കിനാളുകൾ പുഴയിൽ പൈപ്പ് സ്ഥാപിച്ചിരുന്ന സ്ഥലത്തേക്ക് മാർച്ച് ചെയ്തു. പോലീസ് ശക്തമായി മാർച്ചിനെ തടഞ്ഞതിനെത്തുടർന്ന് ആ പരിപാടിയിൽ മാറ്റം വരുത്തി പകരം കമ്പനി ഉപരോധിക്കാൻ തീരുമാനിച്ചു. പൈപ്പ് നിൽക്കുന്ന പ്രദേശത്തേക്കോ പുഴയിലേക്കോ പോവാൻ കഴിയാത്ത വിധം പൊലീസ് ബാരിക്കേഡുകൾ സ്ഥാപിച്ചിരുന്നു. സമരപ്രവർത്തകർ കമ്പനിക്ക് മുന്നിലേക്ക് നീങ്ങുകയും കമ്പനിയുടെ ഗേറ്റിന് മുന്നിൽ ഇരുന്നു



പോലീസ് അടിച്ചുതകർത്ത സമരപന്തൽ



സമരസമിതിയുടെ മീഡിയാറൂമിലെ സാധനങ്ങൾ നശിപ്പിച്ചിരിക്കുന്നു



വീടുകയറി പോലീസ് നടത്തിയ തിരച്ചിൽ. അലമാരയിൽ നിന്നും സ്വർണ്ണം വരെ നഷ്ടപ്പെട്ടതായി പരാതിയുണ്ട്.

കൊണ്ട് ഉപരോധം ആരംഭിക്കുകയും ചെയ്തു. കാതിക്കുടം ഗ്രാമത്തിലും സമീപപ്രദേശങ്ങളിലും നിന്നായി രണ്ടായിരത്തോളം പേരാണ് സമരം ചെയ്യാനെത്തിയത്. കമ്പനിയിലേക്ക് എല്ലുപൊടി കൊണ്ടുവരാനും തിരിച്ച് വിഷപദാർത്ഥങ്ങൾ പുറത്തേക്ക് കൊണ്ടുപോവാനുമായി എത്തുന്ന വാഹനങ്ങൾ തടയുകയായിരുന്നു ലക്ഷ്യം. ടി.എൻ പ്രതാപൻ എം.എൽ.എയാണ് സമരം ഉദ്ഘാടനം ചെയ്തത്. സാറാ ജോസഫ്, സി.ആർ നീലകണ്ഠൻ തുടങ്ങിയ നിരവധി പ്രമുഖർ പങ്കെടുത്തിരുന്നു.

ആ സമയത്ത് പ്രശ്നമുണ്ടാക്കിയാൽ അത്രയേറെ ജനങ്ങളെ നേരിടേണ്ടി വരുമെന്ന് പോലീസിനറിയാമായിരുന്നു. ഉച്ചകഴി


**ഉച്ചകഴിഞ്ഞ് ദൂരെ സ്ഥലങ്ങളിൽ നിന്നും വന്നവർ പിരിഞ്ഞു പോയതോടെ അഞ്ഞൂറോളം പേരായി ഉപരോധം നടത്തുന്നവരുടെ എണ്ണം ചുരുങ്ങി. ആളുകുറഞ്ഞതും മാധ്യമങ്ങൾ പോയതും തിരിച്ചറിഞ്ഞാണ് പോലീസ് ഇടപെട്ടത്.**

ഞ്ഞ് ദൂരെ സ്ഥലങ്ങളിൽ നിന്നും വന്നവർ മടങ്ങുകയും 500 പേരായി ഉപരോധം സമരം നടത്തുന്നവരുടെ എണ്ണം ചുരുങ്ങുകയും ചെയ്തു. മാധ്യമ പ്രവർത്തകരും മടങ്ങി. അവശേഷിച്ചവർ അറസ്റ്റ് വരിച്ച് ജയിലിൽ പോകാൻ തയ്യാറായി ഇരുന്നവരാണ്. ആളുകുറഞ്ഞതും മാധ്യമങ്ങൾ പോയതും തിരിച്ചറിഞ്ഞുതന്നെയാണ് പോലീസ് ഇടപെട്ടത്.

## പൊലീസ് ചെയ്തത്?

മൂന്ന് മണിയോടെ പോലീസ് സ്ത്രീകളെയും കുട്ടികളെയും മറ്റും അറസ്റ്റ് ചെയ്യാൻ തുടങ്ങി. അവരായിരുന്നു മുൻ നിരയിൽ ഉണ്ടായിരുന്നത്. തലേന്ന് രാത്രിയിൽ സമരസമിതിയുടെ രണ്ട് പ്രവർത്തകരെ സ്റ്റേഷനിൽ കൊണ്ടുപോയി പൊലീസ് ക്രൂരമായി മർദ്ദിച്ചിരുന്നു. അപ്പോൾ അറസ്റ്റുചെയ്യുന്നവരെയും മർദ്ദിക്കുമെന്ന സൂചന നൽകുന്നതായിരുന്നു പൊലീസിന്റെ ശരീരഭാഷ. അതിനാൽ, അവിടെയുള്ള മറ്റു പ്രവർത്തകരും പൊലീസുമായി വാക്കുതർക്കമുണ്ടായി. ഉ

*⇨ സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന 50ഓളം ബൈക്കുകൾ പോലീസ് തല്ലിത്തകർത്തു ⇨*



സമരപ്രവർത്തകരെ പോലീസ് വീഡിയോ ക്യാമറയിൽ പകർത്തുന്നു

ടൻ സമരസമിതി നേതാക്കൾ ഇടപെട്ട് അവരെ ശാന്തരാക്കി. ഇതിനിടെ, ചിലർ പൊലീസിന്റെ ബസ്സിനു കൈ കൊണ്ടടിച്ചു. അറസ്റ്റിലായവരെ കയറ്റിയ വാഹനം നീങ്ങിയതോടെ ഈ ചെറുപ്പക്കാർക്കു നേരെ പൊലീസ് കുതിച്ചെത്തി അവരെ മർദ്ദിക്കാൻ തുടങ്ങി. തികച്ചും പ്രകോപനപരമായിരുന്നു ഈ നടപടി. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ സമര നേതാക്കൾ ശ്രമിച്ചെങ്കിലും പോലീസ് അടിതുടങ്ങി. തുടർന്ന് പൊലീസ് നടത്തിയത് ക്രൂരമായ മർദ്ദനമായിരുന്നു. കണ്ണിൽ കണ്ടവരെയെല്ലാം പൊലീസ് തല്ലിച്ചതച്ചു. പലരെയും വലിച്ചിഴച്ച് വണ്ടികളിൽ കയറ്റി ഇടിക്കുകയും ചവിട്ടുകയും ചെയ്തു. സമരത്തിലെ മുഖ്യപ്രവർത്തകരെയും പുറത്ത് നിന്നും വന്ന, സമരത്തിൽ സജീവമായി പങ്കെടുത്ത ഐക്യദാർഢ്യ പ്രവർത്തകരെയും തിരഞ്ഞുപിടിച്ച് മർദ്ദിച്ചു. ഓടിപ്പോയവരെ പുറകേ ഓടി ലാത്തികൊണ്ട് അടിച്ചു. ലാത്തിച്ചാർജിൽനിന്ന് രക്ഷപ്പെടാൻ പലരും അടുത്തള്ള വീടുകളിൽ ഓടിക്കയറിയിരുന്നു. അതറിഞ്ഞ പോലീസ് പ്രദേശത്തെ വീടുകൾ മുഴുവൻ വളഞ്ഞ് ഭീകരാവസ്ഥ സൃഷ്ടിച്ചു. ഓടിക്കയറിയവരെ ഇറക്കി വിട്ടില്ലെങ്കിൽ എല്ലാവരെയും അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും തെറിവിളിക്കുകയും ചെയ്തു. നിരവധി പേരെ ഇങ്ങനെ വീടുകളിൽ നിന്നിറക്കി അറസ്റ്റ് ചെയ്തു. അവരെ പൊലീസ് വാഹനങ്ങളിലിട്ടും സ്റ്റേഷനിലിട്ടും ക്രൂരമായി മർദ്ദിച്ചു. വീടു തുറക്കാൻ തയ്യാറാകാതിരുന്ന പലരുടെയും വീടുകളിലേക്ക് കതക് തല്ലിത്തുറന്ന് പോലീസ് ഇരച്ചുകയറി. കണ്ണിൽകണ്ടതെല്ലാം തല്ലിത്തകർത്തു. സമരപ്പന്തലിനോട് ചേർന്ന വീട് ആക്ഷൻകൗൺസിൽ നേതാവ് അനിൽകുമാറിന്റെ തറവാടും സമരസമിതിയുടെ ഓഫീസും മീഡിയ റൂമും പൂർണ്ണമായും തല്ലിത്തകർത്തു. സ്വർണ്ണാഭരണങ്ങളും മൊബൈലും ഉൾപ്പെടെയുള്ള സാധനങ്ങൾ മോഷ്ടിച്ചു. സമരപ്പന്തൽ പൊളിച്ച സാധനങ്ങളെല്ലാം ചേർത്ത് ഒരു പെട്ടി ഓട്ടോയിലിട്ട് കൊരട്ടി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന 50ഓളം ബൈക്കുകൾ പോലീസ് തല്ലിത്തകർത്തു. ഇവയും മറ്റൊരു വണ്ടിയിൽ കയറ്റി കൊരട്ടി സ്റ്റേഷനിലിൽ കൊണ്ടിട്ടു. പരിക്കേറ്റവരെ രാത്രിയിൽ വളരെ




ലാത്തിയടിയിൽ തളർന്ന പോലീസുകാർ കമ്പനി നൽകിയ ബിരിയാണി കഴിക്കുന്നു. തൊഴിലാളി യൂണിയനുകളുടെ സമരപന്തലിലാണ് ഭക്ഷണം വിളമ്പുന്നത്.

വൈകിയും ചാലക്കുടിയിലെയും കൊരട്ടിയിലെയും ആശുപത്രികളിൽ എത്തുന്നുണ്ടായിരുന്നു. രാത്രിയിൽ കളക്ടർ ഉൾപ്പെടെയുള്ളവർ ഇടപെട്ടതോടെയാണ് കാതിക്കുടത്ത് നടന്ന സംഘർഷങ്ങൾ അവസാനിച്ചത്.


അതുവരെ ആരെയും കാതിക്കുടത്തേക്ക് പ്രവേശിക്കുന്നതിനോ പരിക്കേറ്റ് പല സ്ഥലത്തായി ഒറ്റപ്പെട്ടുപോയവരെ ആശുപത്രിയിലേക്ക് എത്തിക്കുന്നതിനോ പോലീസ് അനുവദിച്ചില്ല. രാത്രി മുഴവൻ കാതിക്കുടം ഗ്രാമം പോലീസിന്റെ നിയന്ത്രണത്തിലായിരുന്നു.

പോലീസ് അഴിഞ്ഞാടിയതിന്റെ രോഷം ഉള്ളിൽ നിന്നും മാറാത്ത നാട്ടുകാർ പിറ്റേന്ന് രാവിലെ തന്നെ കമ്പനിപ്പടിക്കൽ മുദ്രാവാക്യങ്ങളുമായി സംഘടിച്ചു. കൈക്കുഞ്ഞുങ്ങളുമായിപ്പോലും അനവധി സ്ത്രീകൾ സമരത്തിനെത്തി.

ജൂലായ് 24ന് മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ആക്ഷൻ കൗൺസിൽ ഉപരോധ സമരം തുടരാൻ തീരുമാനിച്ചു. കമ്പനി പൂട്ടാനാവില്ലെന്നും നിയന്ത്രണമാകാമെന്നും സർക്കാർ പറഞ്ഞതോടെ സമരസമിതി അംഗങ്ങൾ ചർച്ചയിൽ നിന്ന് ഇറങ്ങിപ്പോയി. തുടർന്ന് 25-ാം തീയതി മുതൽ കമ്പനിപ്പടിക്കൽ ഉപരോധ സമരം ആരംഭിച്ചു. ഉപരോധ സമരം നടത്തിയവർ അറസ്റ്റ് വരിക്കുകയും സ്റ്റേഷൻ ജാമ്യം നിരസിച്ച് ജയിലിൽ പോകുകയും ജയിലിൽ നിരാഹാര സമരം നടത്തുകയും ചെയ്യുകയാണ്. ■

**കാതികുടം സമരത്തെ പോലീസ് ഭീകരമായി മർദിച്ചൊതുക്കുകയായിരുന്നുവെന്ന് ആക്ഷൻ കൗൺസിൽ കൺവീനർ കെ.എം. അനിൽകുമാർ. ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെ ബൈജു ജോണിനോട് സംസാരിച്ചത്.**

# കമ്പനിയുടെ ചിലവിൽ പോലീസ് നരനായാട്ട്



**കാതിക്കുടത്ത് അന്തിമ സമരം പ്രഖ്യാപിച്ച ജനങ്ങളെ ക്രൂരമായാണ് പോലീസ് നേരിട്ടിരിക്കുന്നത്. എന്താണ് കാതിക്കുടത്ത് സംഭവിച്ചത്?**

രാവിലെ മുതൽ തുടങ്ങിയ സമരം പ്രകോപനങ്ങളുണ്ടാക്കാതെയാണ് തുടർന്നിരുന്നത്. ഇതിനിടയിൽ സമരക്കാർക്കുനേരെ പോലീസ് അകാരണമായി ചാടിവീഴുകയായിരുന്നു. സ്ത്രീകളുൾപ്പെടെയുള്ളവരെ പോലീസ് തല്ലി. സമരത്തിനു നേതൃത്വം നൽകുന്നവരെ തിരഞ്ഞുപിടിച്ചാണ് മർദ്ദിച്ചത്. പോലീസ് ജീപ്പിലിട്ടും നിരവധി പേരെ ക്രൂരമായി മർദ്ദിച്ചു. ലാത്തിചാർജ്ജിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർ മദ്യലഹരിയിലായിരുന്നു. കമ്പനിക്കുവേണ്ടി ചില പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടാപ്പണി ചെയ്യുകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. സമരക്കാർക്കുനേരെ തിരിഞ്ഞ പോലീസ് സമീപത്തെ നിരവധി വീടുകളും തല്ലിതകർത്തത് ഇതുകൊണ്ടാണ്. കമ്പനിയുടെ ചിലവിൽ മദ്യവും പണവും വാങ്ങി നടത്തിയ നരനായാട്ടാണ് കാതിക്കുടത്ത് നടന്നത്.

**ടി.എൻ. പ്രതാപൻ ഉൾപ്പെടെയുള്ള ഭരണകക്ഷിയിലെ എം.എ.എയും സമരത്തിന് നേതൃത്വം നൽകാനുണ്ടായിട്ടും പോലീസിന്റെ ഭാഗത്തുനിന്നും ഇത്തരമൊരുനീക്കമുണ്ടായത് എന്തുകൊണ്ടാണ്?**

ടി.എൻ.പ്രതാപൻ എം.എൽ.എയുൾപ്പെടെയുള്ളവരുടെ നേതൃത്വത്തിലാണ് സമാധാനപരമായി സമരം നടത്തിയത്. സമരത്തിനു നേരെ പോലീസിന്റെ ഭാഗത്ത് നിന്നും പ്രകോപനം സൃഷ്ടിക്കുന്ന ഒരു സാഹചര്യവും വരാതെ നോക്കാൻ എല്ലാവരും ജാഗ്രത പുലർത്തിയിരുന്നു. അതുകൊണ്ട് തന്നെ പോലീസ് അതിക്രമങ്ങൾ ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല. ടി.എൻ.പ്രതാപൻ

⇨ പലതവണ പോലീസ് മർദ്ദിച്ചിട്ടുണ്ടെങ്കിലും ഇത്രക്രൂരമായ നിടപടി ഒരിക്കലും ഉണ്ടാകുമെന്ന് കരുതിയിരുന്നില്ല ⇨

**കാർട്ടൂൺ:** **വി.എസ്. ഗിരീശൻ**




എം.എൽ.എ ഉൾപ്പെടെയുള്ളവർ പോയതിനുശേഷണാണ് പോലീസ് ലാത്തിച്ചാർജ്ജ് നടന്നത്.

**ടി.എൻ. പ്രതാപൻ എം.എൽ.എക്കെതിരെയും നാട്ടുകാർക്ക് പരാതിയുണ്ടോ?**
അതിനെക്കുറിച്ച് സമരസമിതിക്ക് അറിയില്ല.

**അടുത്തഘട്ട സമരപരിപാടികൾ?**
പോലീസ് ഭീകരതക്ക് മുന്നിൽ മുട്ടുമടക്കി കാതിക്കുടത്തെ ജനത ഒളിച്ചോടുമെന്ന് കരുതിയവർക്ക് തെറ്റിയെന്നതാണ് ഇന്നലെ രാത്രിയിലും തുടരുന്ന പ്രതിഷേധങ്ങൾ കാണിക്കുന്നത്. വിഷക്കമ്പനി മാലിന്യം പുറത്ത് വിടുന്നത് അവസാനിപ്പിക്കുന്ന വരെ സമരം തുടരും. സമരത്തിന് നേതൃത്വം നൽകിയവർ പരിക്കേറ്റ് ആശുപത്രിയിലാണ്. പലർക്കും സാരമായ പരിക്കേറ്റിട്ടുണ്ട്. സമരം വരും ദിവസങ്ങളിൽ ശക്തമായി തുടരുകതന്നെ ചെയ്യും. ജീവിക്കാനുള്ള അവകാശത്തെ മർദ്ദിച്ചൊതുക്കാമെന്ന് സർക്കാരും കമ്പനിയും കരുതുന്നുണ്ടെങ്കിലും അത് വ്യാമോഹം മാത്രമാണെന്ന് കാതിക്കുടം ജനത തെളിയിക്കുക തന്നെ ചെയ്യും. സമരം തകർക്കാനുള്ള ആസൂത്രിതമായ ഗൂഢാലോചനയാണ് അക്രമത്തിനു പിന്നിൽ. അതുകൊണ്ട് തന്നെയാണ് കമ്പനിക്കു മുന്നിലെ സമരപന്തലും പോലീസ് തല്ലിത്തകർത്തത്. ഇതിനുമുമ്പും നിരവധി തവണ പോലീസ് മർദ്ദനമഴിച്ചുവിട്ടിട്ടുണ്ടെങ്കിലും ഇത്രക്രൂരമായ നടപടി ഒരിക്കലും ഉണ്ടാകുമെന്ന് കരുതിയിരുന്നില്ല. എന്തൊക്കെ പോലീസ് ഭീകരതയുണ്ടായാലും കാതിക്കുടത്ത് ജനകീയ സമരം ശക്തിപ്രാപിക്കുക തന്നെ ചെയ്യും. ■

## ജനകീയ തെളിവെടുപ്പ്

പരിസ്ഥിതി മനുഷ്യാവകാശ സംഘടനകൾ രൂപം നൽകിയ ജനകീയാന്വേഷണ കമ്മീഷൻ കാതിക്കുടത്തെ പോലീസ് നടപടികളെക്കുറിച്ച് ജൂലായ് 30, 31 തീയതികളിൽ തെളിവെടുപ്പ് നടത്തി. അഡ്വ. ക്ലിഫ്ടൻ റൊസാരിയോ, ഡോ.ശ്വേതാ നാരായണൻ, വിമൽ ഭായ്, ഡോ. ജെ. ദേവിക, ഡോ. ഖദീജ മുംതാസ്, ഡോ. ഡി. സുരേന്ദ്രനാഥ്, ഡോ. ടി.വി. സജീവ്, അഡ്വ. പി.എ. പൗരൻ, കെ.പി. സേതുനാഥ്, സന്തോഷ്കുമാർ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.

## തൊഴിൽ എത്രപേർക്ക്?

**ജോലി** അടക്കമുള്ള കാരണങ്ങൾ പറഞ്ഞാണ് തൊഴിലാളി യൂനിയനുകളും പാർട്ടികളും എന്നും കമ്പനിക്കൊപ്പം നിൽക്കുന്നത്. എന്നാൽ നാട്ടുകാർക്ക് കാര്യമായ തൊഴിലവസരങ്ങൾ കമ്പനി നൽകുന്നില്ല. തൊഴിലാളികളുടെ എണ്ണം അടക്കമുള്ള കാര്യങ്ങൾ കമ്പനി ഇനിയും പുറത്തുവിട്ടിട്ടില്ല. എന്നാൽ, ഗ്രാമപഞ്ചായത്ത് കണക്കു പ്രകാരം മാനേജ്മെന്റ് അടക്കം ആകെ 127 തൊഴിലാളികളാണ് ഉള്ളത്. ഇവരിൽ 30 പേരാണ് നാട്ടുകാർ. അതിൽ ഭൂരിഭാഗവും ദിവസക്കൂലിക്കാരാണ്. സ്ഥിരം തൊഴിലാളികൾ ഭൂരിഭാഗവും പുറത്തുള്ളവരാണ്. ഒറീസ, ബംഗാൾ തുടങ്ങിയ പ്രദേശങ്ങളിൽനിന്നുള്ള ദിവസക്കൂലിക്കാരുമുണ്ട്. എന്നാൽ, കമ്പനി വന്നതോടെ തൊഴിൽ നഷ്ടമായവർ ഇതിലേറെയാണ്. 400 ഏക്കർ കൃഷി ഭൂമിയാണ് മലിനീകരണം മൂലം ഉപയോഗ ശൂന്യമായതെന്നാണ് പഞ്ചായത്ത് കണക്ക്. ഇത് നാട്ടുകാരെ തൊഴിൽരഹിതരാക്കിയിട്ടുണ്ട്.

സമരത്തിനൊപ്പമുള്ളതായി നടിക്കുന്ന മുഖ്യധാരാ രാഷ്ട്രീയക്കാർ ജനങ്ങളേയും ജനകീയസമരത്തെയും ഒറ്റുകൊടുക്കുന്നത് എങ്ങനെയെന്ന് കാതിക്കുടത്തെ അനുഭവങ്ങളിൽ നിന്നും സംസാരിക്കുന്നു.

**ഡോ. പി.ജി. ഹരി**

# ടി.എൻ. പ്രതാപൻ എം.എൽ.എയും സമരക്കാരും അറിയാൻ

**അഞ്ച്** വർഷമായി നടക്കുന്ന സമരത്തിന്റെ സ്വാഭാവിക വികാസമായിരുന്നു ജൂലായ് 21ന് നടത്താൻ നിശ്ചയിച്ച എൻ.ജി.ഐ.എൽ കമ്പനി ചാലക്കുടിപ്പുഴയിലേക്ക് മാലിന്യമൊഴുക്കുന്ന പൈപ്പ് ജനാധികാരത്തിലൂടെ എടുത്തുമാറ്റുന്ന സമരപരിപാടി. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും സമരത്തിനൊപ്പമുണ്ടെന്ന് പറയുന്ന ചില സാമൂഹിക പ്രവർത്തകരും സമരസമിതിയിലെ തന്നെ പലരും ഇത്തരത്തിലുള്ള ഒരു സമരത്തെ പ്രതിരോധിക്കുന്നതിനായി ഒളിഞ്ഞും തെളിഞ്ഞും ശ്രമം നടത്തിയതായാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്ത് വിലകൊടുത്തും വിഷം വമിക്കുന്ന പൈപ്പുകൾ എടുത്തുമാറ്റാനും അതിന് ഏതറ്റം വരെയും പോകാൻ തയ്യാറെടുത്തുമാണ് സ്ത്രീകളും കുട്ടികളുമടക്കമുള്ള ഗ്രാമീണർ ജൂലായ് 21ന് രാവിലെ തന്നെ കമ്പനിപ്പടിക്കലെത്തിയത്. ഈ ആവേശത്തെ കെടുത്തുന്ന തരത്തിലുള്ള ഇടപെടലാണ് ഹരിത എം.എൽ.എ ആയ ടി.എൻ. പ്രതാപന്റെ ഭാഗത്ത് നിന്നുമുണ്ടായത്. 9 മണിക്ക് തുടങ്ങും എന്ന് പ്രഖ്യാപിച്ച് സമരം ഉദ്ഘാടനം ചെയ്യുന്നതിനായി അദ്ദേഹം എത്തിച്ചേർന്നത് 11 മണിക്കാണ്. കമ്പനിക്കെതിരെയുള്ള ജനരോഷത്തെ തണുപ്പിക്കുന്ന വിധത്തിൽ അദ്ദേഹം പ്രസംഗിച്ചു. സമരം ഒരു തരത്തിലും കമ്പനിക്കെതിരല്ലെന്നും കമ്പനി പൂട്ടിക്കുക എന്നതല്ല, മലിനീകരണം ഇല്ലാതാക്കുക എന്നതാണ് ഈ സമരത്തിന്റെ ലക്ഷ്യമെന്നുമാണ് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമരത്തെ പിന്തുണയ്ക്കാനെത്തിയ സാമൂഹിക പ്രവർത്തകരും നാട്ടുകാരും ഈ അഭിപ്രായം കേട്ട് ഞെട്ടി. തുടർന്ന് മാലിന്യകുഴലിനടുത്തേക്ക് നടന്ന മാർച്ച് നയിച്ചതും ടി.എൻ. പ്രതാപൻ എം.എൽ.എ ആയിരുന്നു. ചില ഒത്തുതീർപ്പ് സാമൂഹിക പ്രവർത്തകരും ഒപ്പമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ എന്ത് വിലകൊടുത്തും പൈപ്പ് എടുത്ത് മാറ്റണമെന്ന സമരസമിതിയുടെ തീരുമാനം പേലീസ് ബാരിക്കേഡിന് മുന്നിൽ ഒരു ചെറിയ പ്രതിരോധം പോലും തീർക്കാതെ പരാജയപ്പെട്ടു. പോലീസ് മാർച്ച് തടഞ്ഞതോടെ സമരസമിതി സമരത്തിന്റെ രൂപം മാറ്റുകയും കമ്പനിയുടെ മുന്നിൽ ഉപരോധം സൃഷ്ടിച്ച് കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും തടയാൻ തീരുമാനിക്കുകയും ചെയ്തു. നേരത്തെ എഴുതിതയ്യാറാക്കിയ തിരക്കഥയിലെ അവരുടെ റോൾ ഭംഗിയായി നിർവഹിക്കുകയാണ് പോലീസും ടി.എൻ. പ്രതാപൻ എം.എൽ.എയും ചെയ്തതെന്നാണ് ഞങ്ങൾക്ക് തോന്നിയത്. ഇത് തിരിച്ചറിഞ്ഞ, മാസങ്ങളായി കാതിക്കുടം ജനതയോടൊപ്പം താമസിച്ച് സമരത്തിൽ പങ്കാളികളാകുന്ന പുറത്ത് നിന്നുള്ള ഏതാനും സാമൂഹിക പ്രവർത്തകർ കമ്പനിയുടെ ഗേറ്റിന് മുന്നിലേക്ക് മുദ്രാവാക്യങ്ങളുമായി ഓടിയെത്തുകയും റോഡിന് നടുവിൽ ബാരിക്കേഡ് വച്ച് തടയാമെന്ന് പോലീസ് വിചാരിച്ചിരുന്ന ഉപരോധ സമരത്തെ ശരിക്കും കമ്പനിയുടെ ഗേറ്റിന് മുന്നിലേക്ക് മാറ്റുകയും ചെയ്തു. പോലീസിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ ഉണ്ടാകുന്നതിന് മുമ്പ് തന്നെ സമരത്തെ പിന്തുണയ്ക്കുന്നുവെന്ന് പറയുന്ന ടി.എൻ. പ്രതാപനും അദ്ദേഹത്തിന്റെ തീരുമാനങ്ങളുടെ നടത്തിപ്പുകാരായ ചില പ്രാദേശിക നേതാക്കന്മാരും ഞങ്ങൾക്ക് നേരെ ഓടിയെത്തി. പറഞ്ഞാൽ അനുസരിക്കുന്നവർ മാത്രം സമരത്തിന് നിന്നാൽ മതിയെന്നും, ആവേശം കാണിച്ച് വഷളാക്കാൻ അനുവദിക്കില്ലെന്നും പറഞ്ഞുകൊണ്ട് ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരാളെ എം.എൽ.എ പിടിച്ചുതള്ളി. അതിനെ

**കോടതിയുടെ വിമർശനം**

നിറ്റാ ജലാറ്റിൻ കമ്പനിക്കെതിരായ സമരം അടിച്ചമർത്തരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. പോലീസിനെ അനുവദിച്ചത് കമ്പനിക്ക് സംരക്ഷണം നൽകാനാണെന്നും ജനകീയ സമരത്തെ അടിച്ചമർത്താനല്ലെന്നും കോടതി വ്യക്തമാക്കി. അറ്റകുറ്റ പണികൾ നടത്തുന്നതിനായി പോലീസ് സംരക്ഷണം വേണമെന്ന് ജലാറ്റിൻ കമ്പനി ആവശ്യപ്പെട്ടിരുന്നു. ഈ അപേക്ഷയിലാണ് കോടതി പോലീസ് സംരക്ഷണം അനുവദിച്ചിരുന്നത്.